(ബി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 22/2011/കൃഷി പ്രകാരം കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കൂറിപ്പടിയോടുകൂടി മാത്രമേ കീടനാശിനി വിൽപ്പന നടത്തുവാൻ പാടുള്ളൂ. വിളയുടെ പേരും രോഗവും വ്യക്തമാക്കുകയും ഏത് കീടനാശിനി (രാസനാമം ഉൾപ്പെടെ) എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കണമെന്ന് ഉത്തരവിൽ പറയുന്നുണ്ട്. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനി വിതരണം ചെയ്യേണ്ടതാണെന്നും ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതാണെന്ന് ഉത്തരവിൽ പറയുന്നുണ്ട്.

(സി) സർക്കാർ ഉത്തരവ് പൂർണ്ണമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുവാൻ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിപ്പോകൾ പരിശോധിച്ച് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നതിനും കൃഷി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസ്ഥകൾ ലംഘിക്കുന്ന ഡിപ്പോ ഡീലർമാർക്ക് എതിരെ നടപടികൾ ഉണ്ടാകും എന്ന് മുന്നറിയിപ്പ് നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിരോധിച്ച കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽനിന്ന് ഇടുക്കി ജില്ലയിലേക്ക് കടത്തിക്കൊണ്ടു വന്ന് ഉപയോഗിക്കുന്നതായി മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

24(*144) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിരുന്നുവോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന തിരിച്ചടവ് മുടങ്ങിയ എത്ര കേസ്സുകളിൽ തീർപ്പുകല്പിക്കാൻ കഴിഞ്ഞു ; എത്ര തുക ആകെ പിരിച്ചെടുത്തു :

(സി) പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പേർക്ക് പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിൽ പ്രസ്തുത പദ്ധതിയുടെ സമയപരിധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ.

(എ) 'സഹകരണ നവരത്നം കേരളീയം' പദ്ധതിയുടെ ഭാഗമായ 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം 2011' പദ്ധതി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം വായ്പാ സഹകരണ സംഘങ്ങളിലും/ബാങ്കുകളിലും (സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെ) 2011 ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെ നടപ്പിലാക്കി വരുന്നുണ്ട്. ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ 63/2010 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ 15-1-2011-ലെ പുരോഗതി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 38998 കേസുകളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. ആകെ 107.73 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) ആലോചിക്കാവുന്നതാണ്.

നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനം

25(*145) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്നതെന്നും ഇതുവരെ എന്തുതുക ചെലവിട്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഈ സാമ്പത്തിക വർഷം നെല്ലുൽപ്പാദനം, പച്ചക്കറി ഉൽപ്പാദനം എന്നിവയിൽ എന്ത് വർദ്ധനവ് വരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ.

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിക്കുവാൻ ലക്ഷ്യമിട്ട് വിവിധ ഉപപദ്ധതികൾ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly